**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2937 07.12.2018-ലെ മറുപടി**

**ഗാർഹിക കുടിവെള്ള കണക്ഷനുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | എ) ഗാർഹിക കുടിവെള്ള കണക്ഷനുകൾ അപേക്ഷ ലഭിച്ച് ഏഴ് ദിവസത്തിനകം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശ രേഖ ലഭ്യമാക്കാത്തവർക്ക് ആധാർ, കരം ഒടുക്കിയ രസീത്, വോട്ടേഴ്സ് ഐ. ഡി. കാർഡ് തുടങ്ങിയവ പരിശോധിച്ചും കണക്ഷൻ നൽകുന്നു. കൂടാതെ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പുതുതായി പദ്ധതികൾ പൂർത്തീകരിച്ച് പുതിയ വാട്ടർ കണക്ഷനുകൾ നല്കി വരുകയും നിലവിലുള്ള ലൈനുകളുടെ പരിധി വർദ്ധിപ്പിച്ച് പരമാവധി ഉപഭോക്താക്കൾക്ക് ജലവിതരണം നടത്തുന്നതിനായി പൈപ്പ് നീട്ടൽ, വർക്കിനോടൊപ്പം തന്നെ പുതിയ കണക്ഷനുകൾ കൊടുക്കുന്നതിനും ചേർത്ത് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. അമൃത് പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. |
| ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നൽകിയ ഗാർഹിക കണക്ഷനുകളിൽ എത്രമാത്രം വർദ്ധനവുണ്ടാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിൽ എത്ര കണക്ഷനുകൾ നല്കാൻ ഇതുവരെ സാധിച്ചുവെന്ന് വ്യക്തമാക്കുമോ? | ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ലക്ഷ്യമിട്ടിരുന്ന ഗാർഹിക കണക്ഷനുകൾ 2,62,208 എണ്ണം ആണ്. ഇതിൽ 1,61,459 എണ്ണം കണക്ഷനുകൾ നൽകുവാൻ സാധിച്ചു. |

Renuka Sankar

സെക്ഷൻ ഓഫീസർ